നമ്പർ എച്ച്2/42500/2018/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 12.07.2018

പ്രേഷിതാവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

സർ,

വിഷയം : പൊതുവിദ്യാഭ്യാസം - അധ്യാപക ബാങ്ക് 2018-19 - സംരക്ഷിത ജീവനക്കാരുടെ പുനർവിന്യാസം സംബന്ധിച്ച്.

സൂചന : 1. ഈ കാര്യാലയത്തിൽ നിന്നുള്ള 04.07.2018 ലെ ഇതേ നമ്പർ കത്ത്
2. 29.01.2016 ലെ സ.ഉ (പി) നമ്പർ 29/16/പൊ.വി.വ
3. 05.08.2016 ലെ സ.ഉ (പി) നമ്പർ 134/16/പൊ.വി.വ

2018-19 വർഷം തസ്തിക നഷ്ടമായ സംരക്ഷിതാധ്യാപകരെയും ഇപ്പോൾ പി.എസ്.സി ലിസ്റ്റുകൾ പ്രസിദ്ധീകരിക്കപ്പെട്ടതുമൂലവും മറ്റും താൽക്കാലിക പുനർ വിന്യാസം നഷ്ടപ്പെട്ടവരെയും 15.07.2018 ന് ലഭ്യമായ ഒഴിവുകളിൽ പുനർവിന്യസിച്ചില്ലെങ്കിൽ അവർക്ക് തുടർന്നുള്ള ശമ്പളം നൽകാൻ കഴിയില്ല. കെ.ഇ.ആർ ഭേദഗതി സംബന്ധിച്ച റിട്ട് അപ്പീലുകളിൽ ബഹു. ഹൈക്കോടതി ''03.12.2016 ലെ കെ.ഇ.ആർ ഭേദഗതിയുമായി ബന്ധപ്പെട്ട നിയമനം, നിയമനാംഗീകാരം, പുനർവിന്യാസം എന്നിവയിൽ തൽസ്ഥിതി തുടരാൻ'' ഉത്തരവായ കാര്യം അറിയാമല്ലോ. ആയതിനാൽ പ്രസ്തുത ഭേദഗതിയുമായി ബന്ധപ്പെട്ടുണ്ടായ എയ്ഡഡ് സ്കൂളുകളിലെ ഒഴിവുകളിലേക്കൊന്നും ഇപ്പോൾ സംരക്ഷിതാധ്യാപകരെ പുനർവിന്യസിക്കരുത്.

എന്നാൽ തസ്തിക നഷ്ടമായ സംരക്ഷിത ജീവനക്കാരെ പുനർവിന്യസിക്കാതെ അവർക്ക് ശമ്പളം നൽകാൻ കഴിയില്ല എന്നത് മറ്റൊരു വസ്തുത. സംസ്ഥാനത്തൊട്ടാകെ അഞ്ഞൂറോളം സംരക്ഷിത ജീവനക്കാർക്കാണ് ഇത്തരത്തിൽ ജൂലൈ 15 മുതലുള്ള ശമ്പളം തുലാസ്സിലായിരിക്കുന്നത്. ഈ സാഹചര്യത്തിൽ സൂചന (2) ലെയും (3) ലെയും ഉത്തരവുകൾ വഴി സംരക്ഷിത ജീവനക്കാരെ സർക്കാർ സ്കൂളുകളിൽ താൽക്കാലികമായി പുനർവിന്യസിക്കാൻ സർക്കാർ നിർദേശിച്ച ഒഴിവുകളിലേക്ക് അവർക്ക് തികച്ചും താൽക്കാലികമായി പുനർവിന്യാസം നൽകി 13.07.2018 ന് ഉത്തരവ് പുറപ്പെടുവിക്കാൻ നിർദേശം നൽകുന്നു. ജില്ലയിൽ പി.എസ്.സി ലിസ്റ്റ് നിലവിലുള്ള വിഷയങ്ങളിൽ ഇപ്രകാരം താൽക്കാലിക പുനർവിന്യാസം നടത്തരുത്. മാത്രമല്ല ലിസ്റ്റ് നിലവിൽ വന്നാലുടൻ തന്നെ സർക്കാർ സ്കൂളുകളിൽ താൽക്കാലികമായി പുനർവിന്യസിച്ചിട്ടുള്ളവരെ പിൻവലിക്കാനും പ്രത്യേകം ശ്രദ്ധിക്കണം. ഈ താൽക്കാലിക പുനർവിന്യാസം മൂലം ജില്ലയിലെ ഒരൊഴിവു പോലും പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യപ്പെടാത്ത അവസ്ഥയും ഉണ്ടാകരുത്.

മേൽപറഞ്ഞ രീതിയിൽ പുനർവിന്യാസ ഉത്തരവ് തയ്യാറാക്കിയതിനുശേഷം അവശേഷിക്കുന്ന സംരക്ഷിതാധ്യാപകരുടെ കാറ്റഗറി തിരിച്ചുള്ള എണ്ണം ഇന്ന് (12.07.2018) ഉച്ചയ്ക്കു മുമ്പ് ഡയറക്ടറേറ്റിൽ എത്തിക്കുക. ഇവരെ ഇതര ജില്ലകളിലെ ഒഴിവുകളിൽ പുനർ വിന്യസിക്കുന്നതായിരിക്കും. (ഇതിനകം വിവരങ്ങൾ ലഭ്യമാക്കിയവർ ഇത് പരിഗണിക്കേണ്ടതില്ല.)

ഈ കത്തിനോടൊപ്പമുള്ള പ്രൊഫോർമയിലെ വിവരങ്ങളും ഇന്നു തന്നെ (12.07.2018) എത്തിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

ജെസ്സി ജോസഫ്

**പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)**

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**